(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളികെ പഞ്ചായത്തിലെ പൊസഡിഗുംപെ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പൊസഡിഗുംപെ വികസിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) ഇനി എന്ത് നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു;

(ഡി) പൊസഡിഗുംപെ വികസനത്തിന് പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി) പൊസഡിഗുംപെ വികസനത്തിന് സമഗ്രമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

ഇടുക്കി ജില്ലയ്ക്കായി സമഗ്ര ടൂറിസം പദ്ധതികൾ

96 [2085] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ ഇടുക്കി ജില്ലയിൽ സന്ദർശനം നടത്തിയ വിദേശ ടൂറിസ്റ്റുകൾ എത്രയാണെന്ന് അറിയിക്കാമോ;

(ബി) ജില്ലയിലെ ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് വിദേശ ടൂറിസ്റ്റുകൾ സന്ദർശിച്ചതെന്ന് അറിയിക്കാമോ;

(സി) മുൻ വർഷത്തെ അപേക്ഷിച്ച് ടൂറിസ്റ്റുകളുടെ എണ്ണത്തിന് എത്ര ശതമാനം വർദ്ധനയുണ്ടായിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് ടൂറിസ്റ്റുകൾ സന്ദർശനം നടത്തിയതിൽ എത്രാമത്തെ സ്ഥാനമാണ് ഇടുക്കി ജില്ലയ്ക്കുള്ളതെന്ന് അറിയിക്കാമോ;

(ഇ) വിദേശ ടൂറിസ്റ്റുകളുടെ ആകർഷണ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഇടുക്കിയിലെ ഹൈറേഞ്ച് മേഖലയിൽ എന്തൊക്കെ പുതിയ ടൂറിസം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ;

(എഫ്) ഇടുക്കിയുടെ സമഗ്ര ടൂറിസം വികസനത്തിന് പുതിയ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2004-ൽ 46,031 വിദേശ ടൂറിസ്റ്റുകൾ ഇടുക്കി ജില്ലയിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

(ബി) ഇടുക്കിജില്ലയിലെ മൂന്നാർ, തേക്കടി, പീരുമേട്, വാഗമൺ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് വിദേശ ടൂറിസ്റ്റുകൾ സന്ദർശിച്ചത്.

(സി) മുൻ വർഷത്തെ അപേക്ഷിച്ച് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 16.7 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വിദേശ ടൂറിസ്റ്റുകൾ സന്ദർശനം നടത്തിയതിൽ മൂന്നാം സ്ഥാനവും ആഭ്യന്തര ടൂറിസ്റ്റുകൾ സന്ദർശനം നടത്തിയതിൽ അഞ്ചാം സ്ഥാനവുമാണ് ഇടുക്കി ജില്ലയ്ക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ, എഫ്) ഇടുക്കിയുടെ സമഗ്ര ടൂറിസം വികസനത്തിനായി മൂന്നാറിൽ യാത്രിനിവാസ്, ഇടുക്കിയിൽ വഴിയോര വിശ്രമകേന്ദ്രം, അടിമാലിയിലെ വെള്ളച്ചാട്ട വികസനം, തൊമ്മൻകുത്തിൽ ഇക്കോടൂറിസം, വാഗമണ്ണിൽ ടൂറിസം കോംപ്ലക്സ്, തേക്കടിയിൽ ടൂറിസ്റ്റ് ഫെലിസിറ്റേഷൻ കം ഇൻറർപ്രെട്ടേഷൻ സെൻറർ, മൂന്നാറിൻെറ സൗന്ദര്യവൽക്കരണം, പള്ളിവാസൽ—ആറുകാട് റോഡിൻെറ പുനരുദ്ധാരണം, പെരിയാറിലേക്ക് പുതിയ ബോട്ടുകൾ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

കൂടുതൽ ഹൗസ് ബോട്ടുകൾ നിർമ്മിക്കുവാൻ നടപടി

97 [2086] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾ വർദ്ധിക്കുന്നതും ഹൗസ് ബോട്ടുകളുടെ സാദ്ധ്യതയേറി വരുന്നതും സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ടൂറിസം വികസന സമിതി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്തെ കായലുകളിൽ ടൂറിസത്തിൻെറ ഭാഗമായി ഹൗസ് ബോട്ടുകൾ ഉപയോഗിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഹൗസ് ബോട്ടുകളിൽ യാത്രചെയ്യാനുള്ള വിദേശികളുടെ താൽപ്പര്യം കണക്കിലെടുത്ത് കൂടുതൽ ഹൗസ് ബോട്ടുകൾ നിർമ്മിക്കാനും അവ ടൂറിസത്തിന് ഉപയോഗിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) ഉപയോഗിക്കുന്നുണ്ട്. അംഗീകൃതവും അല്ലാത്തതുമായ ഇരുന്നൂറോളം ഹൗസ്ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഹൗസ്ബോട്ടുകളുടെ നിർമ്മാണം വാണിജ്യ സ്വഭാവമുള്ള ടൂറിസം പ്രവർത്തനമാണ്. സ്വകാര്യമേഖല ഈ സംരംഭത്തിൽ വേണ്ട വികസന പ്രവർത്തനം നടത്തിവരുന്നുണ്ട്. സർക്കാർ ഇത്തരം പ്രവർത്തനത്തിൽ മുതൽ മുടക്കാനുദ്ദേശിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ ബീച്ചുകളുടെ വികസനം

98 [2087] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത്, മീൻകുന്ന് ബീച്ച് എന്നിവയുടെ വികസനത്തിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly